ശ്രീമതി ശോഭനാ ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയിൽ കേന്ദ്ര-സംസ്ഥാന വിഹിതത്തിൽപ്പെട്ട തുകയുടെ വിനിയോഗത്തെപ്പറ്റി ആഡിറ്റ് നടത്തേണ്ട അധികാരസ്ഥൻ ആരെന്ന് വ്യക്തമാക്കുമോ?

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ ചെലവുകളെ സംബന്ധിക്കുന്ന ആഡിറ്റ് നടത്തേണ്ടത് ഏത് അധികാരസ്ഥനാണ്;

(സി) ഇതിന് മുൻപുള്ള സാമ്പത്തിക വർഷങ്ങളിൽ ജനകീയാസൂത്രണത്തിന്റെ പേരിൽ നടത്തിയ ചെലവിനെ സംബന്ധിച്ച തുകയെപ്പറ്റി ഈ അധികാരസ്ഥൻമാർ ആഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ തുകകളെ സംബന്ധിക്കുന്ന ആഡിറ്റ് നടത്തുന്നതിനുള്ള സമയപരിധി നിർണ്ണയിക്കുകയും അതിന് മുൻപായി ആഡിറ്റ് നടത്താനുള്ള നിർദ്ദേശം നൽകുകയും ചെയ്യുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

(സി) ആഡിറ്റ് നടത്തിവരുന്നു.

(ഡി) സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ജില്ലാ എക്സാമിനറുടെ മേൽനോട്ടത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി നടത്തിവരുന്നു.

23 (*140) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ചെറുകിട വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഹഡ്കോ എന്നിവയുടെ ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകൾ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു്, ത്രെസ്റ്റ് വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾക്ക് ഉയർന്ന സബ്സിഡി, നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത വ്യവസായങ്ങൾക്ക് സബ്സിഡി, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, വികലാംഗർ, വിമുക്ത ഭടന്മാർ എന്നി വിഭാഗങ്ങളിലെ വ്യവസായ സംരംഭകർക്കുള്ള അഡീഷണൽ സബ്സിഡി, ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി, കുറഞ്ഞ പലിശനിരക്കിലുള്ള മാർജിൻ മണി ലോൺ, വില്പന നികുതി ഇളവ്, പരിസ്ഥിതി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സബ്സിഡി, പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, സ്ഥലവും കെട്ടിടവും ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിക്കൽ തുടങ്ങിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ വനിതാ വ്യവസായ സംരംഭകർക്ക് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ്, കെട്ടിടഗ്രാന്റ് എന്നിവയിൽ വർദ്ധനവ്, കൂട്ടുകുടുംബ സംരംഭം എന്ന ഒരു പുതിയ പദ്ധതി എന്നിവയും നടപ്പിലാക്കാനുദ്ദേശിക്കുന്നു.

വൈവിദ്ധ്യവൽക്കരണത്തിലൂടെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട വ്യവസായ വികസന കോർപ്പറേഷനും ചില നടപടികൾ സ്വീകരിച്ചു വരികയാണ്. സിഡ്കോയുടെ കീഴിലുള്ള വിവിധ റാമെറ്റീരിയൽ ഡിപ്പോകൾ വഴി കൂടുതൽ അസംസ്കൃത വസ്തുക്കളും യന്ത്ര സാമഗ്രികൾക്കാവശ്യമായ വിവിധതരം ഓയിലുകളും ചെറുകിട യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ചെറുകിട ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള ഏജൻസിയായും സിഡ്കോ പ്രവർത്തിക്കുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ചെറുകിട യൂണിറ്റുകൾക്ക് പണം പിരിഞ്ഞുകിട്ടാനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഫാക്ടറിംഗ് സംവിധാനം നടപ്പുവർഷം നടപ്പിലാക്കി വരുന്നു. ഇതിനായി 250 ലക്ഷം രൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ചെറുകിട വ്യവസായികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി വയനാട് ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ എന്നിവ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിലുണ്ട്. പ്രത്യേകം ഊന്നൽ നൽകേണ്ട മേഖലകൾക്ക് വേണ്ടി അടിസ്ഥാന സൗകര്യങ്ങളും പൊതുസൗകര്യങ്ങളും ഉള്ള പ്രത്യേക പാർക്കുകൾ ആരംഭിക്കുന്നുണ്ട്. വയനാട്ടിലും ഇടുക്കിയിലും പ്രത്യേക വ്യവസായ പാർക്ക് സ്ഥാപിക്കുന്നതാണ്. വ്യവസായ പാർക്കുകളിലും വ്യവസായ വളർച്ചാകേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് സംവിധാനം ഉണ്ടായിരിക്കുന്നതാണ്. സമുച്ചയ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ നടത്തുന്നതിനുവേണ്ടി കോമൺ ഫെസിലിറ്റി സെന്ററുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും നിർമ്മിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതാണ്. കൂടാതെ നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെകൂടെ ഫെസിലിറ്റി സെന്ററുകളുടെയും നടത്തിപ്പ് ഏറ്റെടുക്കുന്നതിന് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്.

ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 17 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിച്ചുവരുന്നു. സർക്കാരിന്റെ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

നയ പരിപാടികളിൽ ഉൾപ്പെടുന്ന 'ഒരു നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക്' എന്ന പദ്ധതിയുടെ നോഡൽ ഏജൻസി സിഡ്കോയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ഇന്നുള്ളതിനേക്കാൾ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തെ ചെറുകിട യൂണിറ്റുകൾക്ക് ലഭിക്കുമെന്ന് കരുതുന്നു.

കേരളാ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര), ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടി താഴെ പറയുന്ന പാർക്കുകൾ സജ്ജമാക്കുന്നു.

1) ചെറുകിട വ്യവസായ പാർക്ക്, തുമ്പ, തിരുവനന്തപുരം.
2) ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം.
3) ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ.
4) ചെറുകിട വ്യവസായ പാർക്ക്, ശീതാർഗോലി, കാസർഗോഡ്.
5) ചെറുകിട വ്യവസായ പാർക്ക്, വയനാട്.

(സി) ഇല്ല.

(ഡി) ചെറുകിട വ്യവസായമേഖലയിലെ പീഡിത യൂണിറ്റുകൾ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിനായി 'സിക്ക്' യൂണിറ്റ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പീഡിത വ്യവസായ യൂണിറ്റുകളായിത്തീർന്നേക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവരുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി 1999-2000 വർഷത്തിൽ 15 ലക്ഷം രൂപ പദ്ധതി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

24 (*141) കാലവർഷക്കെടുതിക്ക് ധനസഹായം

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ കാലവർഷംമൂലം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഈ നഷ്ടത്തിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നുവോ;

(സി) കേന്ദ്രത്തിൽനിന്നും എന്തു തുക സഹായമായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കാലവർഷക്കെടുതിക്ക് ഇരയായവർക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായമാണ് നൽകിയത്;

(ഇ) നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്കും നൽകിയ സഹായവും എത്രയെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ കാലവർഷംമൂലം 86.24 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി)&(സി) 1999-2000 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയായി അനുവദിച്ചിട്ടുള്ള 64.05 കോടി രൂപയ്ക്ക് പുറമെ കൂടുതൽ ധനസഹായത്തിന് അപേക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly